വാഴകൃഷി നശിപ്പിച്ചവരെ അറസ്റ്റു ചെയ്യുവാൻ നടപടി

123 [1679] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി-വിളയൂർ ഗ്രാമപഞ്ചായത്തിലെ കരിങ്ങനാട് കുണ്ട് എന്ന സ്ഥലത്ത് വാഴകൃഷി നശിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷി നശിപ്പിച്ച ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) കൃഷി നശിപ്പിച്ചവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിനും നഷ്ടപരിഹാരം വാങ്ങിച്ചു കൊടുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ശ്രീ. പി. വി. രാമചന്ദ്രൻ, പടിഞ്ഞാറേ വളപ്പിൽ, വിളങ്ങൂർ എന്ന കർഷകന്റെ 5 മാസം പ്രായമായ വാഴകൾ 85 എണ്ണം 30-6-2005-ന് രാത്രി നശിപ്പിക്കപ്പെട്ടു. ഇതു സംബന്ധിച്ച് പട്ടാമ്പി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൃഷി നശിപ്പിച്ച ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) രണ്ടായിരത്തി അഞ്ഞൂറ്റി അൻപത് രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

(സി) പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന കൃഷി നാശത്തിനു മാത്രമേ കൃഷി വകുപ്പിൽ നിന്നു നഷ്ടപരിഹാരം നൽകാൻ നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് സാധിക്കുകയുള്ളൂ. കൃഷി നശിപ്പിച്ചവരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനു വേണ്ടിയും സർക്കിൾ ഓഫീസിനു വേണ്ടിയും നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി

124 [1680] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനു വേണ്ടിയും സർക്കിൾ ഓഫീസിനു വേണ്ടിയും നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) മാള സർക്കിൾ ഓഫീസിന്റെ പ്രവർത്തനം ഇവിടേക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനു വേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ അവസാനഘട്ട പണികൾ നടന്നുവരുന്നു. സർക്കിൾ ഓഫീസിന്റെ കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ബി) പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം 2005 ആഗസ്റ്റ് മാസാവസാനത്തോടെ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഇക്കാര്യത്തിൽ പോലീസ് വകുപ്പിൽ നിന്നും ശുപാർശകളൊന്നും ലഭിച്ചിട്ടില്ല.

ബേവിഞ്ച അബ്ദുൾ റഹ്മാന്റെ കൊലപാതകം

125 [1681] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ചെർക്കളയിൽ കൊലചെയ്യപ്പെട്ട പൊതുമരാമത്തു കരാറുകാരനായ ബേവിഞ്ച അബ്ദുൾ റഹ്മാന്റെ കൊലപാതക കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ബി) ഈ കേസ് സംബന്ധിച്ച് ഏതൊക്കെ പോലീസ് വിഭാഗങ്ങൾ അന്വേഷണം നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഓരോ അന്വേഷണത്തിന്റേയും പുരോഗതി എന്താണ്;

(ഡി) ഈ കേസ് ഇപ്പോൾ അന്വേഷിക്കുന്നത് ആരാണ്;

(ഇ) സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബേവിഞ്ച അബ്ദുൾ റഹ്മാന്റെ കൊലപാതകം സംബന്ധിച്ച കേസ് ക്രൈം നം. 415/സി. ആർ/കെ. എൻ. ആർ/02 ഇപ്പോൾ ക്രൈംബ്രാഞ്ച് അന്വേഷണത്തിലാണ്.

(ബി) ലോക്കൽ പോലീസ് അന്വേഷണം നടത്തി. ക്രൈംബ്രാഞ്ച് അന്വേഷണം തുടരുന്നു.

(സി) ലോക്കൽ പോലീസിന്റെ അന്വേഷണത്തിലും ക്രൈംബ്രാഞ്ച് അന്വേഷണത്തിലും കൊലപാതകിയെ കണ്ടെത്താൻ തക്ക ഉപകാരപ്രദമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) പോലീസ് സൂപ്രണ്ട് സി. ബി. സി. ഐ. ഡി. കണ്ണൂർ ആണ് ഇപ്പോൾ ഈ കേസ് അന്വേഷിക്കുന്നത്.

(ഇ) സർക്കാർ ഈ കേസിന്റെ അന്വേഷണം സി. ബി. ഐ.യ്ക്കു കൈമാറാൻ നടപടി സ്വീകരിക്കുകയും കേന്ദ്ര സർക്കാർ അത് നിരാകരിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly